__*'CORRUPTION, A CRIME AGAINST NATION'*__

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇമെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 17.03.2023**

# "കൈക്കൂലി വാങ്ങുന്നതിനിടെ ഫസ്റ്റ് ഗ്രേഡ് താലൂക്ക് സർവെയർ വിജിലൻസ് പിടിയിലായി"

വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി 2,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ പുനലൂർ താലൂക്ക് സർവ്വേ ഓഫീസിലെ ഫസ്റ്റ് ഗ്രേഡ് സർവ്വേയർ മനോജ് ലാൽ ഇന്ന് (17.03.2023) വിജിലൻസ് പിടിയിലായി.

കൊല്ലം ജില്ലയിലെ കരുവാളൂർ സ്വദേശിയായ പരാതിക്കാരന്റെ ഗൾഫിലുള്ള അനിയൻ നാല് വർഷങ്ങൾക്ക് മുമ്പ് ചണ്ണപ്പേട്ടയിൽ വാങ്ങിയ 36 സെന്റ് ഭൂമി കരമടച്ച് വരവെ ഇക്കഴിഞ്ഞ് റീ സർവെയിൽ മറ്റൊരാളിന്റെ പേരിൽ ആകുകയും, ഇക്കൊല്ലം കരമടയ്ക്കുന്നതിലേക്കായി വില്ലേജ് ഓഫീസിൽ എത്തിയപ്പോൾ കരമടയ്ക്കാൻ സാധിക്കില്ല എന്നും, റീസർവേയിൽ ഈ വസ്തു മറ്റൊരാളുടെ പേരിലാണെന്നും ആയത് ശരിയാക്കുന്നതിലേക്കായി പുതിയ അപേക്ഷ സമർപ്പിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് പുതിയ അപേക്ഷ നൽകുകയും, വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി പുനലൂർ താലൂക്ക് ഓഫീസിൽ അയക്കുകയും ചെയ്തു. പുനലൂർ താലൂക്ക് സർവ്വേ ഓഫീസിലെ ഫസ്റ്റ് ഗ്രേഡ് സർവ്വേയർ ആയ മനോജ്ലാലിന്റെ കൈവശം എത്തിയ പ്രസ്തുത അപേക്ഷ കൈയിൽ കിട്ടിയപ്പോൾ ഫോൺ നമ്പറിൽ പരാതിക്കാരനെ ബന്ധപ്പെട്ട് ഇന്ന് രാവിലെ 10 മണിയോടെ ചണ്ണപ്പെട്ടയിലുള്ള വസ്തുവിൽ എത്താൻ ആവശ്യപ്പെടുകയും ചെയ്തു. അത് പ്രകാരം ഇന്ന് രാവിലെ

മനോജ്ലാലും കൂടെ ഉണ്ടായിരുന്ന സ്വകാര്യ അളവുകാരന്റെയും സഹായത്താൽ വസ്തു അളക്കുകയും, അന്നേരം കൂടെ ഉണ്ടായിരുന്ന സ്വകാര്യ അളവ്കാരന് കൂലിയായി 1,000/-രൂപ കൊടുക്കാൻ ആവശ്യപ്പെടുകയും പരാതിക്കാരൻ ഉടൻ തന്നെ 1,000/- രൂപ സ്വകാര്യ വ്യക്തിക്ക് കൈമാറുകയും ചെയ്തു. അതിനുശേഷം മനോജ് ലാൽ കൈക്കൂലിയായി 5,000/- രൂപ ചോദിക്കുകയും, അന്നേരം കൊടുക്കാൻ ഇല്ല എന്ന് അറിയിച്ചപ്പോൾ മനോജ് ലാലിന്റെ ഫോൺ നമ്പർ കൊടുത്തശേഷം ഇന്ന് വൈകിട്ട് ഫോണിൽ ബന്ധപ്പെടാൻ ആവശ്യപ്പെടുകയും ചെയ്തു. പരാതിക്കാരൻ ഇക്കാര്യം കൊല്ലം വിജിലൻസ് യൂണിറ്റിലെ ഡി.വൈ.എസ്.പി ശ്രീ. അബ്ദുൽ വഹാബിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പരാതിക്കാരൻ സർവ്വേയർ ആയ മനോജ് ലാലിനെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ അഞ്ചലിലുള്ള മിനി സിവിൽ സ്റ്റേഷനിലെ കൃഷി ഓഫീസിന് മുന്നിൽ വരാൻ ആവശ്യപ്പെടുകയും, കൃഷി ഓഫീസിന് മുന്നിലുള്ള ഇടനാഴിയിൽ വച്ച് സംസാരിച്ച് 5,000/- രൂപ ഇല്ല എന്നും 2,000/- രൂപയേ ഉള്ളൂ എന്ന് അറിയിക്കുകയും, അത് പ്രകാരം വൈകിട്ട് 04.30 മണിയോടെ 2,000/-രൂപ കൈക്കൂലി വാങ്ങി പോക്കറ്റിലിട്ട സമയം വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.അബ്ദുൽ വഹാബിനെ കൂടാതെ ഇൻസ്പെക്ടർമാരായ ജോഷി, ജയകുമാർ സബ് ഇൻസ്പെക്ടർമാരായ രാജേഷ്, സജീവ്, സുൽഫി എസ്.സി. പി ഓ മാരായ ഷിബു സകറിയ, സുനിൽകുമാർ, ദേവപാൽ സി.പി.ഒ മാരായ അജീഷ്കുമാർ, ദീപൻ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.